ഗവൺമെൻറ് തീരുമാനിച്ച സ്ഥിതിയിൽ 1986–87–ൽ ഇക്കാര്യത്തിലുള്ള നിലപാട് ആരാഞ്ഞുകൊണ്ട് കേരള സർവ്വകലാശാലയിൽ നിന്നും കിട്ടിയ കത്തിനു മറുപടിയായി സർവ്വകലാശാലകം അവരുടെ നിർദ്ദേശങ്ങളും ഗവൺമെൻറിൻെറ അഭിപ്രായത്തിനു് അയയ്ക്കാവുന്നതാണെന്നും, പക്ഷേ ഗവൺമെൻറിൻെറ തീരുമാനമെന്തായിരിക്കും എന്നതിനെപ്പറ്റി യാതൊരു സൂചനയും നൽകാൻ സാദ്ധ്യമല്ലെന്നും അവരെ അറിയിച്ചിരുന്നു.

പുതിയ ജലസേചന പദ്ധതികൾ

* 30 [30] ശ്രീ. സി. വാസുദേവമേനോൻ:

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ:

,, വി. കേശവൻ:

,, പി.വി. കുഞ്ഞിക്കണ്ണൻ:

,, എൻ. ചന്ദ്രശേഖരക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിൻെറ സഹായത്തോടെ ഈ വർഷം പുതിയ ജലസേചന പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം;

(ബി) പണി നടന്നുകൊണ്ടിരിക്കുന്ന ഏതെല്ലാം ജലസേചന പദ്ധതികൾക്കാണ് ഇപ്പോൾ ലോകബാങ്കിൻെറ സഹായം കിട്ടുന്നത്;

(സി) കഴിഞ്ഞ പത്തുവർഷത്തിനു മുൻപ് ആരംഭിച്ച ഏതെല്ലാം പദ്ധതികളുടെ പണിയാണ് ഇപ്പോഴും പൂർത്തിയാകാതെ കിടക്കുന്നത്;

(ഡി) ഇവയുടെ പണി എന്നത്തേക്കു പൂർത്തിയാക്കാൻ കഴിയും?

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) ലോകബാങ്കിൻെറ സഹായത്തോടെ ഈ സാമ്പത്തിക വർഷം പുതിയ വൻകിട–ഇടത്തരം ജലസേചന പദ്ധതികൾ ആരംഭിക്കാൻ കഴിയുന്നതല്ല. എന്നാൽ താഴെ പറയുന്ന അഞ്ച് വൻകിട–ഇടത്തരം ജലസേചന പദ്ധതികൾക്ക് ലോകബാങ്കിൻേറയും മറ്റു വിദേശ സ്ഥാപനങ്ങളുടേയും സാമ്പത്തിക സഹായം ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്.

1. മൂവാറ്റുപുഴ നദീതട പദ്ധതി
2. ഇടമലയാർ ജലസേചനപദ്ധതി
3. മീനച്ചിൽ നദീതട പദ്ധതി
4. വാമനപുരം ജലസേചനപദ്ധതി
5. ചമ്രവട്ടം പാലവും ജലനിർഗ്ഗമന നിയന്ത്രണ സംവിധാനവും.

(ബി) കല്ലട ജലസേചന പദ്ധതി.

(സി) കഴിഞ്ഞ പത്തു വർഷത്തിനുമുൻപ് (1976–നു മുൻപ്) ആരംഭിച്ച താഴെ പറയുന്ന 11 വൻകിട–ഇടത്തരം ജലസേചനപദ്ധതികളാണ് പണി പൂർത്തിയാകാതെ കിടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

1. പമ്പാ നദീതട പദ്ധതി
2. പെരിയാർ നദീതട പദ്ധതി
3. കല്ലട ജലസേചന പദ്ധതി
4. ചിറ്റൂർ പുഴ ജലസേചന പദ്ധതി
5. കുറ്റിയാടി ജലസേചന പദ്ധതി
6. പഴശ്ശി ജലസേചന പദ്ധതി
7. കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി
8. മൂവാറ്റുപുഴ നദീതട പദ്ധതി
9. ചിമ്മിനി അണക്കെട്ടു പദ്ധതി
10. അട്ടപ്പാടി നദീതട പദ്ധതി
11. കാരാപ്പുഴ ജലസേചന പദ്ധതി

(ഡി) താഴെ പറയുന്ന കാലാവധിക്കു പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

1.	പമ്പാ	1986–87
2.	കുറ്റിയാടി	1986–87
3.	ചിറ്റൂർ പുഴ	1986–87
4.	പെരിയാർ വാലി	1987–88
5.	പഴശ്ശി	1987–88
6.	കാഞ്ഞിരപ്പുഴ	1987–88
7.	കല്ലട	1988–89
8.	ചിമ്മിനി	1988–89
9.	മൂവാറ്റുപുഴ	എട്ടാം പദ്ധതിയിൽ
10.	അട്ടപ്പാടി	,,
11.	കാരാപ്പുഴ	,,

സാമൂഹ്യക്ഷേമ വകുപ്പ് ഏറ്റെടുത്ത ബാലവാടിയിലെ അദ്ധ്യാപികമാർ

* 81 [81] ശ്രീ. ആർ.എസ്. ഉണ്ണി:
,, എ.സി. ഷൺമുഖദാസ്:
,, എ.വി. താമരാക്ഷൻ:
,, കെ. കൃഷ്ണൻകുട്ടി:
,, കെ.കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന എത്ര ബാലവാടികളാണ് സാമൂഹ്യക്ഷേമ വകുപ്പ് ഏറ്റെടുത്ത് അംഗനവാടികളാക്കി മാറ്റിയിട്ടുണ്ട്;

(ബി) ബാലവാടി അദ്ധ്യാപികമാരായി പ്രവർത്തിക്കുന്നവർക്ക്, ബാലവാടി ഏറ്റെടുക്കുമ്പോൾ അംഗനവാടി വർക്കർമാരായി നിയമനം കൊടുത്തു കഴിഞ്ഞിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര ബാലവാടി അദ്ധ്യാപികമാരെയാണ് ഇതുവരെയായി അംഗനവാടി വർക്കർമാരായി നിയമിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly